കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകളിലെ പ്രവൃത്തികളുടെ രൂപകൽപ്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം: 421/13/തസ്വഭവ തിരുവനന്തപുരം, തീയതി: 15/02/2013.**

---

**പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.11.2011-ലെ ഡി.ബി.4/ 8877/2011/സി.ഇ/തസ്വഭവ നമ്പർ കത്ത്**

**2. 04.07.2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.2 നമ്പർ തീരുമാനം.**

## ഉത്തരവ്

**11.11.1974-ലെ ജി.ഒ.(ആർ.റ്റി)1304/74/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം 3.5% തുക ആർക്കിടെക്ചറൽ ഡ്രായിംഗ്, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളതിനാൽ അതിന്റെ $^{2}/3$ ഭാഗമായ 2.33%-ൽ കുറവായ തുക തദ്ദേശ സ്വയംഭരണ വകുപ്പിൽ നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം ഒന്ന് പ്രകാരം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകൽപനയും (ആർക്കിടെക്ചറൽ-സ്ട്രക്ചറൽ ഡിസൈനും കരട് പ്ളാനും) വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിന് കൊടുക്കേണ്ട കൺസൾട്ടൻസി ഫീസ് നിലവിലെ നിയമപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5%ന്റെ $^{2}/3$ ഭാഗമായ 2.33%-ൽ പരിമിതപ്പെടുത്തി നൽകുന്നതിന് നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**സി. വൽസല**
**ജോയിന്റ് സെക്രട്ടറി**

**നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.**
**ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.**

(.. . .2)

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ &എ) കേരള, തിരുവനന്തപുരം.
ചെയർമാൻ, ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമെൻ, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.